**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1798** **09-12-2022 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത കാർഷിക മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കാൻ ലക്ഷ്യമിട്ട് 2022-23 ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച മൂല്യവർദ്ധിത കാർഷിക മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; മിഷന്റെ ലക്ഷ്യം, പ്രവർത്തന രീതി, വിപണനം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഉണ്ട്. കാർഷികഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കിമാറ്റുന്നതിനുംകൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുക,ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർധനവ് വരുത്തുന്നതിനുമായിട്ടാണ് മൂല്യവർധിത കൃഷി മിഷൻ (Value Added Agriculture Mission – VAAM) രൂപീകരിച്ചിട്ടുള്ളത്.<br><br>പ്രാഥമിക കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദന/ നിർമാണ പ്രക്രിയകൾ, വിപണനം/സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉത്പന്നങ്ങളുടെ മൂല്യം വർധിപ്പിക്കുക എന്ന ആശയത്തിനാണ് മൂല്യവർധിത കൃഷി മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതിക വശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി, മൂല്യവർധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനും ആവശ്യമായ നിർദ്ദശങ്ങൾ/ ശുപാർശകൾ എന്നിവയടങ്ങിയ ഒരു വർക്കിംഗ് പേപ്പറും VAAM നടത്തിപ്പിലേക്കായി അംഗീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ കാർഷിക വ്യവസായവും, സാങ്കേതികവിദ്യയും അറിവ് പങ്കിടലും ശേഷി വർധിപ്പിക്കൽ, വിപണനം, ധനകാര്യം പോലുള്ള വിഷയങ്ങളിൽ സബ് ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിനായി സബ് വർക്കിംഗ് ഗ്രൂപ്പുകൾ/റിസോഴ്സ് സപ്പോർട്ട് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഉത്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും മൂല്യവർധിത ഉത്പന്നങ്ങൾക്ക് പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനും ആയി അനുബന്ധ മേഖലകളിലെ വിദഗ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻസ്റ്റോമിംഗ് വർക്ക്ഷോപ്പുകൾ നടത്തി കൃഷിയിൽ മൂല്യനിർണയത്തെ പിന്തുണയ്ക്കുന്നതിന് ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. ആഭ്യന്തര, അന്തർദ്ദേശീയ വ്യാപാരവും കയറ്റുമതിയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. |
| (ബി) | കേരളത്തിന്റെ തനതായ ഉത്പന്നങ്ങളുടെ ഉത്പാദനം, വിപണനം എന്നിവ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കൃഷിയിടാധിഷ്ഠിത ആസൂത്രണം മുൻനിർത്തി നടപ്പാക്കുന്ന പദ്ധതികളിൽ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ കൃഷിക്കൂട്ടങ്ങൾ പോലുള്ള ശേഖരണ ഏജൻസികൾ വഴി ശേഖരിച്ച് ഒരു ഹബ് ആൻഡ് സ്പോക്ക് മാതൃകയിൽ ഓൺലൈൻ വിപണന സംവിധാനം വഴി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br><br>എഫ്.പി.ഒകൾ, കർഷക കൂട്ടായ്മകൾ, കൃഷിക്കൂട്ടങ്ങൾ മുതലായവ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ നിലവിലുള്ള ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകളിലൂടെ വിപണനം ചെയ്യാനുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ